"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിൽ അസോസിയേറ്റ് പ്രൊഫസറായ ഡോ. സിസി ജോസിന് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1840/2026/H&FWD തീയതി,തിരുവനന്തപുരം, 31-05-2026

---

പരാമർശം:-
1. സ.ഉ. (പി) നം. 112/2017/ധന തീയതി 24.08.2017
2. ഡോ. സിസി ജോസ് സമർപ്പിച്ച 04.04.2026 തീയതിയിലെ അപേക്ഷ.
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 27.04.2026 തീയതിയിലെ G1/3291/2026/DME നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിൽ അസോസിയേറ്റ് പ്രൊഫസറായ ഡോ. സിസി ജോസ്, 06.02.2026-ന് ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് പ്രത്യേക അവശതാവധിക്കായി സമർപ്പിച്ച അപേക്ഷ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പരാമർശം (3) കത്തിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളും ലഭ്യമാക്കിയ രേഖകളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിൽ അസോസിയേറ്റ് പ്രൊഫസറായ ഡോ. സിസി ജോസിന് 06.02.2026-ന് ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ സംഭവിച്ച അപകടം മൂലമുണ്ടായ അവശതയ്ക്ക് കെ.എസ്.ആർ. ഭാഗം I ചട്ടം 98 പ്രകാരം 07.02.2026 മുതൽ 03.04.2026 വരെ, ടി കാലയളവ് ആർജിതാവധിക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, പ്രത്യേക

അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ് ജുള ജി
അണ്ടർ സെക്രട്ടറി

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, കോട്ടയം (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)

ഡോ. സിസി ജോസ്, അസോസിയേറ്റ് പ്രൊഫസർ, സർക്കാർ നഴ്സിംഗ് കോളേജ്, കോട്ടയം (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (C2/125/2026-HEALTH)

ഉത്തരവിൻ പ്രകാരം,
Signed by
Rekha Johnson
Date: 02-06-2026 16:40:00

സെക്ഷൻ ഓഫീസർ